(ഡി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഇപ്രകാരം സർക്കാർ എത്ര രൂപ ചെലവഴിച്ചു ; അതിനനുസരിച്ചുള്ള വിഹിതം പത്രമുടമകളിൽ നിന്നും ഈടാക്കിയോ ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ക്ഷേമ പെൻഷനാണ് നിലവിൽ പത്ര പ്രവർത്തകർക്ക് നൽകിവരുന്നത്. പ്രതിമാസ പെൻഷൻ നിരക്ക് ചുവടെ ചേർക്കുന്നു :

പത്ര പ്രവർത്തക പെൻഷൻ	-	8,000
പത്ര പ്രവർത്തക ആശ്രിത പെൻഷൻ	-	2,250
50% പത്ര പ്രവർത്തക പെൻഷൻ	-	4,000
പത്രപ്രവർത്തകേതര പെൻഷൻ	-	4,000
പത്ര പ്രവർത്തകേതര ആശ്രിത പെൻഷൻ	-	1,250

(ബി) 18 വയസ്സ് പൂർത്തിയായിരിക്കുകയും എന്നാൽ 60 വയസ്സ് പൂർത്തിയാകാതിരിക്കുകയും ഒരു പത്രപ്രവർത്തകനായി വേജ് ബോർഡിന്റെ പരിധിയിൽ വരുന്ന പത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യുകയും തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോടുകൂടിയോ കുറഞ്ഞത് 10 വർഷക്കാലത്തെ സേവനത്തിന് ശേഷം ജോലിയിൽനിന്ന് വിരമിക്കുകയും ഈ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും കൃത്യമായും അംശദായം ഒടുക്കുകയും ചെയ്യുന്ന ഒരാൾക്ക് പത്ര പ്രവർത്തക/പത്ര പ്രവർത്തകേതര പെൻഷൻ അനുവദിച്ചുവരുന്നു.

(സി) പത്രസ്ഥാപന ഉടമകൾ യാതൊരു വിഹിതവും അടയ്ക്കുന്നില്ല. നിരവധി ചർച്ചകൾക്ക് ശേഷവും പത്രം ഉടമകൾ ഇതിന് തയ്യാറായിട്ടില്ല.

(ഡി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷത്തിനിടയിൽ പത്ര പ്രവർത്തക/പ്രവർത്തകേതര പെൻഷൻ വിതരണത്തിനായി 16,91,47,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പത്രം ഉടമകളിൽനിന്നും യാതൊരു വിഹിതവും ലഭിച്ചിട്ടില്ല.

പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി

46 (T*.5393)ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാദേശിക പത്ര പ്രവർത്തകർക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ഈ തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ക്ഷേമനിധി നടപ്പിലാക്കണമെന്നു സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : എങ്കിൽ പ്രസ്തുത ക്ഷേമനിധി പദ്ധതി എന്നു മുതൽ നടപ്പിലാക്കി തുടങ്ങുമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജോലി ഉപേക്ഷിച്ച് തിരിച്ചെത്തിയ വിദേശമലയാളികൾ

47 (5394) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായ തീവ്രവാദ ഭീഷണി, നിതാഖത് പോലുള്ള കാരണങ്ങളാൽ എത്ര വിദേശമലയാളികൾ ജോലി ഉപേക്ഷിച്ച് സംസ്ഥാനത്ത് തിരിച്ചെത്തിയതായി സംസ്ഥാന നോർക്ക വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്ന് രാജ്യം തിരിച്ച് വ്യക്തമാക്കുമോ :

(ബി) എത്ര വർഷം വരെ വിദേശ സർവ്വീസുള്ളവരാണ് തിരിച്ചെത്തിയതെന്ന് വ്യക്തമാക്കുമോ :

(സി) തിരിച്ചെത്തിയ വിദേശമലയാളികൾക്കായി ഏതുതരം പുനരുദ്ധാരണ പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത് :

(ഡി) ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ വിദേശ മലയാളികളെ സഹായിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽനിന്നും സ്വദേശിവത്ക്കരണംമൂലവും ആഭ്യന്തര കലാപംമൂലവും തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സിൽ ഓൺലൈൻ സംവിധാനം വഴിയും എയർപോർട്ടിൽ ഏർപ്പെടുത്തിയ ഹെൽപ്പ് ഡെസ്കിലും രജിസ്റ്റർ ചെയ്തവരുടെ കണക്ക് ചുവടെ ചേർക്കുന്നു :

രാജ്യം	തിരികെയെത്തിയവരുടെ എണ്ണം
സൗദി അറേബ്യ	22634
ഇറാഖ്	418
ലിബിയ	532
യെമൻ	2444

LIBRARY ARCHIVES Kerala Legislative Assembly